## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4047

18.10.2011 -ൽ മറുപടിയ്ക്ക്

### അളവുകളും തൂക്കങ്ങളും വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പുമന്ത്രി) |
| (എ) അളവുകളും തൂക്കങ്ങളും വകുപ്പിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | (എ) അളവ് തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പുവരുത്തി മുദ്ര ചെയ്യുക, അളവ് തൂക്ക ക്രമക്കേട് കണ്ടെത്തി നിയമ നടപടി സ്വീകരിക്കുക വഴി ഉപഭോക്തൃ സംരക്ഷണം ഉറപ്പാക്കുക എന്നിവയാണ് വകുപ്പിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ. |
| (ബി) ഏത് തരം കുറ്റങ്ങളാണ് സാധാരണയായി പ്രസ്തുത വകുപ്പ് കൈകാര്യം ചെയ്യുന്നത് ; | (ബി) അളവ്തൂക്ക സംബന്ധമായ കുറ്റങ്ങളും, പാക്കേജ്ഡ് കമ്മോഡിറ്റീസ് നിയമലംഘന ങ്ങളുമാണ് ലീഗൽ മെട്രോളജി വകുപ്പ് കൈകാര്യം ചെയ്യുന്നത്. |
| (സി) കുറ്റകൃത്യങ്ങൾ, തിരിമറി കൾ എന്നിവ ഫലപ്രദമായി തടയുന്നതിന് ഏത് തരത്തിലുള്ള ഉദ്യോഗസ്ഥ സംവിധാനമാണ് പ്രസ്തുത വകുപ്പിലുള്ളത് ; | (സി) താലൂക്ക് തലത്തിൽ ഇൻസ്പെക്ടർമാരും, ജില്ലാതലത്തിൽ ഫ്ളയിംഗ് സ്ക്വാഡ് അസിസ്റ്റന്റ് കൺട്രോളർമാരും, ജനറൽ അസിസ്റ്റന്റ് കൺട്രോളർമാരും, മൂന്ന് മേഖലാ തലത്തിൽ ഡെപ്യൂട്ടി കൺട്രോളർമാരും നടത്തുന്ന പരിശോധനാ സംവിധാനമാണ് വകുപ്പിലുള്ളത്. |
| (ഡി) നിലവിലുള്ള സംവിധാനം കൂടുതൽ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) ഉണ്ട്. നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുന്നതിനും, പുനഃസംഘടിപ്പി ക്കുന്നതിനും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നൽകിയ ശുപാർശ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ